കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതാ-ശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെല്ലിനു കീഴിൽ പ്രവർത്തിക്കുന്ന ഹോമുകളിൽ താമസിക്കുന്ന കുട്ടികൾക്ക് പോഷക സമൃദ്ധമായ ലഘു ഭക്ഷണം നല്കുന്നതിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നല്കി ഉത്തരവാകുന്നു.

പരാമർശം:- 1. സ.ഉ.(സാധാ)നം.423/2025/WCDD തീയതി.17/10/2025.

2. വനിതാ- ശിശു വികസന ഡയറക്ടറുടെ 09.07.2026-ലെ DWCD/2591/2026–NCPO1 നമ്പർ കത്ത്.

3. 24.07.2026- ലെ ഒന്നാം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം.

**G.O.(Rt)272/2026/WCDD** **Dated,11/08/2026**

---

എ.എസ് നമ്പർ : AS/WCD/26/52299 കാലാവധി : 31/03/2027

<u>ഉത്തരവ്</u>

വനിത ശിശു വികസന വകുപ്പ് സ്റ്റേറ്റ് നിർഭയ സെല്ലിന് കീഴിൽ 23 ഹോമുകൾ പ്രവർത്തിച്ചുവരുന്നു. ലൈംഗിക അതിക്രമ അതിജീവിതരായതും സ്വഭവനങ്ങളിൽ താമസിക്കാൻ ആകാത്തതുമായ കുട്ടികളാണ് നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന ഹോമുകളിൽ താമസിച്ചുവരുന്നത്. അതിജീവിതരായ കുട്ടികളിൽ തന്നെ ചെറിയതോതിലുള്ള അസുഖങ്ങൾ മുതൽ ഗുരുതരമായ രോഗങ്ങൾക്കും ചികിത്സ തേടുന്നവരെ കൂടാതെ ഗർഭിണികൾ, ഗർഭഛിദ്രം നടത്തിയവർ, പ്രസവനാന്തര പരിചരണത്തിലുള്ളവർ, മാനസിക രോഗ ചികിത്സയിലുള്ളവർ, ഭിന്നശേഷിക്കാർ എന്നിവരും ഉൾപ്പെടുന്നു. മിക്കവാറും എല്ലാ കുട്ടികളും തന്നെ ദുർബല വിഭാഗങ്ങൾ/സാമ്പത്തിക ശേഷി കുറഞ്ഞതും മലയോര, തീരദേശ, ചേരി പ്രദേശങ്ങളിൽ നിന്നുള്ളവരോ ആണ്. ഇത്തരം കുട്ടികളെ വിവിധ കാരണങ്ങൾകൊണ്ട് തങ്ങളുടെ സ്വന്തം ഭവനങ്ങളിലോ സമൂഹത്തിലോ പാർപ്പിക്കാൻ കഴിയാത്ത സാഹചര്യമുള്ളവരാണ്. ഇവരിൽ 4 വയസ്സു മുതൽ 22 വയസ്സ വരെയുള്ളവർ ഉൾപ്പെടുന്നു. ശൈശവ, കൗമാര കാലഘട്ടങ്ങളിലുള്ള കുട്ടികൾക്ക് അവർക്കാവശ്യമായ പോഷകാഹാരം, വസ്ത്രം, സുരക്ഷിത താമസം, വിദ്യാഭ്യാസം, വൈദ്യ സഹായം മുതലായവയും

AS/WCD/26/52299

തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും തൊഴിലും നൽകിക്കൊണ്ട് അവരുടെ സാമൂഹിക പുനരേകീകരണവും പൂർത്തിയാക്കുന്നു. കുട്ടികൾ സ്ഥാപനത്തിൽ താമസിക്കുന്ന കാലയളവിൽ കുട്ടികൾക്ക് അധിക പോഷണം നൽകുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ് ഇത്.

ഉദ്ദേശ ലക്ഷ്യങ്ങൾ

സ്റ്റേറ്റ് നിർഭയസെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന ഹോമുകളിൽ താമസിക്കുന്ന കാലയളവിൽ ശൈശവ, കൌമാര പ്രായത്തിലുള്ള കുട്ടികൾക്ക് അവരുടെ ശാരീരിക മാനസിക വളർച്ചയെ മുൻനിർത്തിക്കൊണ്ട് പോഷകസമ്പുഷ്ടമായ ഭക്ഷണം നൽകേണ്ടതുണ്ട്. എന്നാൽ icc തേജോമയ എന്നിവ ഒഴികെയുള്ള ഹോമുകൾക്ക് ഭക്ഷണം, വസ്ത്രം, സുരക്ഷിത താമസം, വിദ്യാഭ്യാസം, വൈദ്യ സഹായം എന്നിവയ്ക്കായി നൽകിവരുന്നത് പ്രതിമാസം 2650/- രൂപ മാത്രമാണ്. ടി തുകയിൽ നിജപ്പെടുത്തിക്കൊണ്ട് പോഷകസമൃദ്ധമായ ഭക്ഷണം നൽകാൻ സാധിക്കാതെ വന്നിരിക്കുന്നു. കൗമാരപ്രായത്തിലാണ് കുട്ടികളുടെ വളർച്ച ഏറ്റവും ത്വരിതഗതിയിലിരിക്കുന്നത്. ഈ കാലയളവിൽ സമീകൃതാഹാരം ലഭിച്ചിട്ടില്ലായെങ്കിൽ ആയത് വളർച്ചാമുരടിപ്പ്, കുപോഷണം, സൂക്ഷ്മ പോഷണ ദൗർലഭ്യം എന്നിവയ്ക്ക് ഇടയാകുന്നു. ആയതിനാൽ സർക്കാർ സംവിധാനത്തിൽ വളരുന്ന കുട്ടികളിൽ നിന്ന് ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുന്നതിനായി കുട്ടികൾക്ക് അധിക പോഷണം നൽകുന്നതിലേക്കാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.
പോഷക സമൃദ്ധമായ സ്നാക്കുകൾ ഹോമിലുള്ള കുട്ടികൾക്കും നൽകുന്നതിനോ അഥവാ കുട്ടികളെ അവരുടെ പ്രത്യേക അവസ്ഥ പരിഗണിച്ചുകൊണ്ട് ഫിസിഷ്യൻ/ന്യൂട്രിഷ്യനിസ്റ്റ്/ഡയറ്റിഷ്യൻ എന്നിവരുടെ നിർദ്ദേശപ്രകാരം അധിക ഭക്ഷണം, സമീകൃതാഹാരം നൽകുന്നതിനോ തുക വിനിയോഗിക്കാവുന്നതാണ്.
പ്രവർത്തനങ്ങൾ
സ്റ്റേറ്റ് നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഹോമുകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ് നടത്തേണ്ടതാണ്. എല്ലാ കുട്ടികളുടെയും വളർച്ച, പോഷണാവസ്ഥ, ആരോഗ്യം എന്നിവ വിശകലനം ചെയ്യേണ്ടതുമാണ് . പ്രത്യേക അവസ്ഥയിലോ രോഗാവസ്ഥയിലോ ഉള്ള കുട്ടികൾക്ക് /ന്യൂട്രിഷ്യനിസ്റ്റ്/ഡയറ്റീഷ്യൻ,ഫിസിഷ്യൻ നിർദ്ദേശപ്രകാരമുള്ള ഭക്ഷണമോ അഥവാ ഹോമിലുള്ള എല്ലാ കുട്ടികൾക്കും പോഷക സമൃദ്ധമായ ലഘു ഭക്ഷണങ്ങളോ (കപ്പലണ്ടി, കപ്പലണ്ടി മിട്ടായി, എള്ളുണ്ട, ഈന്തപഴം, മറ്റു ഉണങ്ങിയ പഴങ്ങൾ, കശുവണ്ടി, മുതലായവ) നൽകാവുന്നതാണ്. 2026 ആഗസ്റ്റ് മാസം മുതൽ ആരംഭിക്കാവുന്ന പദ്ധതി ഹോം മാനേജ്മെന്റ് കമ്മിറ്റി മോണിട്ടർ ചെയ്യേണ്ടതാണ് .

ധനകാര്യ വിശകലനം
ഇതിലേയ്ക്കായി പരമാവധി ഒരു കുട്ടിയ്ക്ക് പ്രതിമാസം 500/- രൂപ നിരക്കിൽ തുക വിനിയോഗിക്കാവുന്നതാണ്. നിലവിൽ 300 കുട്ടികളാണ് എല്ലാ ഹോമുകളിലുമായി

ASWCD/26/52299

താമസിച്ചുവരുന്നത്.

300 താമസക്കാർx 500/- = Rs.1,50,000/- x 8 മാസം= 12,00,000/-(പന്ത്രണ്ടു ലക്ഷം രൂപ മാത്രം) 2026-27 സാമ്പത്തിക വർഷത്തെ 2235-02-103-68 (പ്ലാൻ) (01) നിർഭയ പ്രൊഗ്രാംസ് 34 അദർ ചാർജ്ജസ് (3) അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ നിന്നും അനുവദിയ്ക്കണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(2) 24.07.2026- ലെ ഒന്നാം വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിതാ-ശിശു വികസന വകുപ്പ് സ്റ്റേറ്റ് നിർഭയ സെല്ലിനു കീഴിൽ പ്രവർത്തിക്കുന്ന ഹോമുകളിലെ കുട്ടികൾക്ക് പോഷക സമൃദ്ധമായ ലഘു ഭക്ഷണം നല്കുന്നതിനുള്ള പദ്ധതിയ്ക്കായുള്ള 12,00,000/-(പന്ത്രണ്ടു ലക്ഷം രൂപ മാത്രം) 2026-27 സാമ്പത്തിക വർഷത്തെ 2235-02-103-68 (പ്ലാൻ) (01) നിർഭയ പ്രൊഗ്രാംസ് 34 അദർ ചാർജ്ജസ് (3) അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ നിന്നും ചെലവഴിയ്ക്കുന്നതിനുള്ള ഭരണാനുമതി അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

AS/WCD/26/52299

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-01-34-3-P-V | 12,00,000 | AS/WCD/26/52299 | 2027-03-31 |

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ഹോമുകളിൽ താമസിക്കുന്ന കുട്ടികൾക്ക് പോഷക സമൃദ്ധമായ ലഘു ഭക്ഷണം നല്കുന്നതിനുള്ള പദ്ധതി | 12,00,000 |
| ആകെ (പന്ത്രണ്ട് ലക്ഷം രൂപ) | | **12,00,000** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

വനിതാ- ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വനിതാ –ശിശു വികസന (എ) വകുപ്പ്.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഓർഡർ പ്രകാരം കൈമാറി,
SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.11 06:03:48 +05:30

AS/WCD/26/52299